# പേരാമ്പ്ര ഗ്രാമപഞ്ചായത്ത് കാര്യാലയം
## OFFICE OF THE PERAMBRA GRAMA PANCHAYAT
പേരാമ്പ്ര പി ഒ, പിൻകോഴിക്കോട്

Perambra P O, PIN-673525, Kozhikode district, Kerala state, India

**Phone/ഫോൺ** : 0496-2610226 **E-Mail/ഇ-മെയിൽ** : secretaryperambragp@gmail.com


### അദാലത്ത് മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ട്

1) ഫയല് നമ്പര് - 4198/23

ശ്രീമതി സൌദ എ പുഴക്കലക്കണ്ടി, എരവട്ടൂർ എന്നവര്ക്ക് എരവട്ടൂര് വില്ലേജിലെ റി.സ 13/11 ല് പെട്ട 6.07 ആര് സ്ഥലത്ത് 180.54 ച.മീ തറവിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിന് BA-23/2021-22 പ്രകാരം നിർമ്മാണ അനുമതി നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ അനുമതിയുടെ കാലാവധി 08/08/2026 വരെയാണ്. 01/11/2022 തീയ്യതിയില് ഭാഗിക പൂർത്തീകരണ പ്ലാൻ സമർപ്പിച്ചതിൻറെ അടിസ്ഥാനത്തില് ടി കെട്ടിടത്തിലെ താഴത്തെ നിലയില് 118.2 ച മീ വിസ്തീർണ്ണത്തില് വാണിജ്യാവശ്യത്തിനായി 16/112A മുതൽ16/112 E വരെ കെട്ടിടനമ്പര് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൻ നാളിതുവരെ പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. സൌദ പുഴക്കലക്കണ്ടിയുടെ പേരിലുള്ള സ്ഥലം തൻറെയും സഹോദരിയുടെയും പേരിൽ ദാനമായി നൽകിയിട്ടുണ്ട് എന്ന് അപേക്ഷകന് നവകേരളസദസ്സിൽ നല്കിയ പരാതിയില് സൂചിപ്പിച്ചിട്ടുണ്ട്. പെർമിറ്റ് നൽകിയ പ്ലോട്ട് മുഴുവനായും അപേക്ഷകന്റെയും സഹോദരിയുടെയും പേരിലേക്ക് കൈമാറിയിട്ടുണ്ടെങ്കിൽ പ്രമാണങ്ങള് സഹിതം സംയുക്ത അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് പെർമിറ്റ് ട്രാന്സ്ഫര് ചെയ്യുന്നതാണ്. ചട്ടം 19 (5) പ്രകാരം അംഗീകൃത പ്ലാനിൽ ഉൾപെട്ട പ്ലോട്ടിന്റെ ഭാഗം മറ്റേതെങ്കിലും വ്യക്തിയ്ക്ക് കൈമാറുകയോ വിൽക്കുകയോ ചെയ്താൽ അനുവദിച്ച പെർമിറ്റ് അസാധുവാകുന്നതുമാണ് എന്ന വിവരവും ബോധിപ്പിക്കുന്നു.

പേരാമ്പ്ര
20/12/2023

PERAMBRA GRAMA PANCHAYAT
Pin. 673525
PERAMBRA P.O.

NISHANTH. R
Secretary
Perambra Grama Panchayat
P.O. Perambra-673525
Ph: 9496048167